# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3696 — 26.06.2012 ൽ മറുപടിയ്ക്ക്

## ഔദ്യോഗികവാഹനത്തിന് മുകളിൽ ചുവന്ന ലൈറ്റ് ഘടിപ്പിക്കാൻ അനുമതിയുള്ളവർ

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) മോട്ടോർവാഹന നിയമപ്രകാരം ഔദ്യോഗികവാഹനത്തിനു മുകളിൽ ചുവന്ന ലൈറ്റ് പ്രകാശിപ്പിക്കാൻ അനുമതി നൽകിയിട്ടുള്ളവരുടെ പട്ടിക നൽകാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ 11-01-2002 തീയതിയിലെ എസ്.ഒ.52(ഇ) പ്രകാരം താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് കർത്തവ്യ നിർവ്വഹണ സമയത്ത് വാഹനത്തിൽ ഫ്ലാഷറോട് കൂടിയ ചുവന്ന ലൈറ്റ് വാഹനത്തിന് മുകളിൽ ഘടിപ്പിക്കാവുന്നതാണ്.<br>(1) രാഷ്ട്രപതി<br>(2) ഉപരാഷ്ട്രപതി<br>(3) പ്രധാനമന്ത്രി<br>(4) മുൻരാഷ്ട്രപതിമാർ<br>(5) ഉപ പ്രധാനമന്ത്രി<br>(6) ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ<br>(7) ലോക്സഭാ സ്പീക്കർ,<br>(8) കേന്ദ്ര മന്ത്രിസഭയിലെ ക്യാബിനറ്റ് മന്ത്രിമാർ<br>(9) ആസൂത്രണ കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ<br>(10) മുൻ പ്രധാനമന്ത്രിമാർ<br>(11) രാജ്യസഭയിലെയും ലോക് സഭയിലെയും പ്രതിപക്ഷ നേതാക്കൾ<br>(12) സുപ്രീം കോടതി ജഡ്ജിമാർ.<br>മേൽ പറഞ്ഞ ഉത്തരവ് പ്രകാരം താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് കർത്തവ്യ നിർവ്വഹണ സമയത്ത് ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>(1) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ<br>(2) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ<br>(3) രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ<br>(4) ലോക് സഭ ഡെപ്യൂട്ടി സ്പീക്കർ<br>(5) കേന്ദ്ര മന്ത്രിസഭയിലെ മിനിസ്റ്റേഴ്സ് ഓഫ് സ്റ്റേറ്റ്<br>(6) ആസൂത്രണ കമ്മീഷൻ അംഗങ്ങൾ<br>(7) അറ്റോർണി ജനറൽ ഓഫ് ഇന്ത്യ |

(8) കാബിനറ്റ് സെക്രട്ടറി

(9) ജനറൽ അല്ലെങ്കിൽ തത്തുല്യ പദവി വഹിക്കുന്ന മൂന്ന് സേനാ വിഭാഗങ്ങളിലെയും ചീഫ് ഓഫ് സ്റ്റാഫ്

(10) യൂണിയനിലെ ഉപമന്ത്രിമാർ

(11) ലഫ്റ്റനന്റ് ജനറൽ അല്ലെങ്കിൽ തത്തുല്യ പദവി വഹിക്കുന്ന മൂന്ന് സേനാ വിഭാഗങ്ങളിലെയും ഒഫീഷിയേറ്റിംഗ് ചീഫ് ഓഫ് സ്റ്റാഫ്.

(12) സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാൻ.

(13) ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ

(14) പട്ടികജാതി, പട്ടികവർഗ്ഗ കമ്മീഷൻ ചെയർമാൻ

(15) യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ.

കൂടാതെ മേൽ പറഞ്ഞ പദവികൾക്ക് റാങ്ക്, സ്റ്റാറ്റസ്, പ്രിവിലേജസ് എന്നിവയിൽ തത്തുല്യമായ പദവി വഹിക്കുന്ന വ്യക്തികൾക്ക് അതത് പദവികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള രീതിയിലുള്ള ലൈറ്റ് ഘടിപ്പിക്കാവുന്നതാണ്.

16.07.2003 ലെ സ.ഉ.(പി)32/03/ഗതാ (എസ്.ആർ.ഒ. 651/03) പ്രകാരം താഴെ പറയുന്ന പദവിയിലുള്ളവർക്ക് വാഹനത്തിന് മുകളിൽ ചുവന്ന ലൈറ്റ് പ്രദർശിപ്പിക്കാവുന്നതാണ്..

1. കേരള ഗവർണ്ണർ
2. കേരള മുഖ്യമന്ത്രി
3. കേരള നിയമസഭാ സ്പീക്കർ
4. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്
5. കേരള സംസ്ഥാന മന്ത്രിമാർ
6. കേരള നിയമസഭയിലെ പ്രതിപക്ഷ നേതാവ്
7. ഗവൺമെന്റ് ചീഫ് വിപ്പ്
8. കേരള ഹൈക്കോടതി ജഡ്ജിമാർ
9. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ
10. കേരള ഗവൺമെന്റ് ചീഫ് സെക്രട്ടറി
11. കേരള സംസ്ഥാന ലോകായുക്ത
12. കേരള സംസ്ഥാന ഉപലോകായുക്ത
13. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വൈസ് ചെയർമാൻ
14. കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ
15. കേരള സംസ്ഥാനത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

| | | |
|---|---|---|
| (ബി) വാഹനങ്ങളിൽ പ്രദർശിപ്പിക്കേണ്ട നമ്പർ പ്ലേറ്റുകളെ സംബന്ധിച്ച നിബന്ധനകൾ വിശദമാക്കുമോ; | (ബി) | (1) വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് വാഹനത്തിന്റെ മുൻപിലും, പുറകിലും വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിൽ 30 ഡിഗ്രിയിൽ കൂടുതൽ ചരിവില്ലാത്ത പ്രതലത്തിൽ തിരശ്ചീനമായി പ്രദർശിപ്പിച്ചിരിക്കണം.<br>(2) മോട്ടോർ സൈക്കിളുകളിൽ മുൻപിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് ഹാൻഡിൽ ബാറിനോ , മഡ്ഗാർഡ് ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഏതെങ്കിലും ഭാഗത്തോ സമാന്തരമായി പ്രദർശിപ്പിച്ചിരിക്കണം.<br>(3) ട്രാൻസ്പോർട്ട് വാഹനത്തിന്റെ പുറകിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് വലത് വശത്തായി, തറയിൽ നിന്ന് ഒരു മീറ്ററിൽ കൂടാത്ത ഉയരത്തിൽ വേണം പ്രദർശിപ്പിച്ചിരിക്കേണ്ടത്.<br>(4) ട്രാൻസ്പോർട്ട് വെഹിക്കിളിന്റെ കാര്യത്തിൽ വാഹനത്തിന്റെ ഇടത് വശത്തും, വലത് വശത്തും പ്രദർശിപ്പിച്ചിരിക്കണം.<br>(5) ഡ്രൈവറെയും, യാത്രക്കാരെയും തമ്മിൽ വേർതിരിക്കുന്ന ഭാഗത്ത് യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിച്ചിരിക്കണം. എന്നാൽ അത്തരത്തിൽ ഒരു വേർതിരിവ് ഇല്ലായെങ്കിൽ സ്റ്റേജ് കാര്യേജുകളിലും, കോൺട്രാക്റ്റ് കാര്യേജുകളിലും ഡ്രൈവറുടെ സീറ്റിന് ഇടതു വശത്ത് മേൽക്കൂരയ്ക്ക് തൊട്ടടുത്തായി യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും, ടാക്സി കാബ്, മോട്ടോർ കാബ് എന്നിവയിൽ ഡാഷ്ബോർഡിലും നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.<br>(6) ട്രെയിലറുകളുടെ കാര്യത്തിൽ, ട്രെയിലറുകളെ വലിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കൂടാതെ ട്രെയിലറിന്റെയോ, ഏറ്റവും അവസാനത്തെ ട്രെയിലറിന്റെയോ പുറകിൽ ഇടത് വശത്തായി നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.<br>(7) രജിസ്ട്രേഷൻ മാർക്ക് രണ്ട് വരികളിലായാണ് പ്രദർശിപ്പിച്ചിരിക്കേണ്ടത്. സ്റ്റേറ്റ് കോഡ്, രജിസ്റ്ററിംഗ് അതോറിറ്റി കോഡ് എന്നിവ ആദ്യത്തെ വരിയിലും, ബാക്കി ഭാഗം രണ്ടാമത്തെ വരിയിലും എന്ന രീതിയിലാണ് പ്രദർശിപ്പിക്കേണ്ടത്. എന്നാൽ മുൻവശത്ത് രജിസ്ട്രേഷൻ മാർക്ക് ഒരു വരിയിൽ തന്നെ പ്രദർശിപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | (8) പുറകിൽ രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്ത തരം വാഹനങ്ങളിൽ ഒരു വരിയിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചാലും മതിയാകും.<br>(9) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ചട്ടം 1993 നിലവിൽ വന്നതിനു ശേഷമുള്ള മോട്ടോർ കാബ്, മോട്ടോർ കാർ എന്നിവ ഒഴികെയുള്ള എല്ലാ വാഹനങ്ങളിലും, പുറക് വശത്ത് രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.<br>(10) ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ രജിസ്ട്രേഷൻ മാർക്ക് തിളക്കമുള്ള അക്ഷരങ്ങളിൽ മദ്ധ്യത്തായി പ്രദർശിപ്പിച്ചിരിക്കണം.<br>(11) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ രജിസ്ട്രേഷൻ മാർക്ക് 30 ഡിഗ്രിയിൽ കൂടുതൽ ചരിവോടുകൂടി പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.<br>(12) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടർ വലിച്ചുകൊണ്ടു പോകുന്ന അഗ്രികൾച്ചറൽ ട്രെയിലർ അല്ലെങ്കിൽ ട്രെയിലറുകളിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കണമെന്നില്ല. |
| (സി) | നമ്പർ പ്ലേറ്റുകളിൽ രേഖപ്പെടുത്തേണ്ട അക്ഷരങ്ങളുടെയും, അക്കങ്ങളുടെയും വലിപ്പം, നിറം എന്നിവ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (സി) | ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും, മറ്റ് വാഹനങ്ങളിൽ വെളുത്ത പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചിരിക്കണം. രജിസ്ട്രേഷൻ മാർക്കിന്റെ വലിപ്പത്തെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും നിയമലംഘനത്തിനെതിരെ നടപടി സ്വീകരിക്കുവാനും ആരെയൊക്കെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനും, പോലീസ് വകുപ്പിൽ സബ് ഇൻസ്പെക്ടറിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനും അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | വാഹനത്തിന്റെ തരം | | കറയാത്ത വലുപ്പം (മില്ലീമീറ്ററിൽ) | | |
|---|---|---|---|---|---|
| | | | ഉയരം | വണ്ണം | ഇടയിലുള്ള അകലം |
| 1 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്ഷരങ്ങൾ | 35 | 7 | 5 |
| 2 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്കങ്ങൾ | 40 | 7 | 5 |
| 3 | 70 സി.സി യിൽ കുറവ് എഞ്ചിൻ കപ്പാസിറ്റി ഉള്ള മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 15 | 2.5 | 2.5 |
| 4 | മറ്റ് മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 30 | 5 | 5 |
| 5 | 500 സിസിയിൽ കുറവ് എഞ്ചിൻ കപ്പാസിറ്റിയുള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 35 | 7 | 5 |
| 6 | 500 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റി ഉള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 40 | 7 | 5 |
| 7 | മറ്റെല്ലാ മോട്ടോർ വാഹനങ്ങളും | മുൻവശത്തെയും, പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 65 | 10 | 10 |

(signature)